

# മുരിക്കിങ്ങൽ സെന്റ് ജോസഫ് ഇടവക

തൃശ്ശൂർ രൂപതയിലെ മൂന്നുമുറി ഇടവകയുടെ ഭാഗമായിരുന്നു മുരിക്കിങ്ങൽ. ഗതാഗതസൗകര്യം തീരെ കുറവായിരുന്ന കാലഘട്ടത്തിൽ ആത്മീയാവശ്യങ്ങൾക്ക് ഇടവകപ്പള്ളിയിൽ എത്തിച്ചേരുക ഏറെ ക്ലേശകരമായിരുന്നു. അതിനാൽ മൂന്നുമുറി ഇടവകയിലെ മുരിക്കിങ്ങൽ, താളൂപ്പാടം, മുപ്ലിയം, പുത്തനോളി ദേശങ്ങളിലെ 60-ഓളം ഇടവകാംഗങ്ങൾ 09.01.1972-ൽ അന്നത്തെ വികാരി റവ. ഫാ. ജേക്കബ് ഐനിക്കലിന്റെ അദ്ധ്യക്ഷതയിൽ താളൂപ്പാടത്ത് യോഗം ചേർന്ന് തങ്ങളുടെ ആത്മീയാവശ്യങ്ങൾക്ക് ഉതകുംവിധം മുരിക്കിങ്ങൽ പ്രദേശത്ത് വി. യൗസേപ്പ് പിതാവിന്റെ നാമധേയത്തിൽ ദേവാലയം നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും 12 അംഗ കമ്മിറ്റിക്ക് രൂപം നല്കുകയും ചെയ്തു.

റവ. ഫാ. ജേക്കബ് ഐനിക്കലിന്റെ നിർലോഭ സഹായസഹകരണങ്ങളോടെ പ്രസ്തുത കമ്മിറ്റി 60-ഓളം ഇടവകാംഗങ്ങളെ 4 ഡിവിഷനുകളാക്കിതിരിച്ച് കുരിശുപള്ളി നിർമ്മാണത്തിനുവേണ്ട പണം സ്വരൂപിക്കുകയും അതോടൊപ്പം കമ്മിറ്റിയംഗമായ പറനിലം തോമൻ തോമസിൽനിന്നും സൗജന്യമായി ഒരു ഏക്കറോളം സ്ഥലം ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് നടന്ന യോഗങ്ങളിൽ പ്രസ്തുത സ്ഥലം ഗതാഗതസൗകര്യത്തിന്റെ അപര്യാപ്തതമൂലം ശ്രീ. തോമസിന്റെ അനുവാദത്തോടെ വില്ക്കുവാൻ തീരുമാനിക്കുകയും പള്ളി ഇന്ന് സ്ഥിതിചെയ്യുന്ന സ്ഥലം വാങ്ങുവാൻ നിശ്ചയിക്കുകയും ചെയ്തു.

## കുരിശുപള്ളി

ഇടവകാംഗങ്ങളിൽ നിന്ന് സ്വരൂപിച്ച പണവും മേല്പറഞ്ഞ സ്ഥലം വിറ്റ് കിട്ടിയ പണവും ഇടവകാംഗങ്ങളിൽ 3 പേർ ചേർന്ന് വാങ്ങി സൗജന്യമായി നല്കാമെന്നേറ്റ 35 സെന്റ് സ്ഥലവും ഉൾപ്പെടെ ഒരേക്കറിലധികം ഭൂമി കുരിശുപള്ളിക്കുവേണ്ടി 1972 ഫെബ്രുവരിയിൽ തീറായി ലഭിക്കുകയും രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെ പള്ളിനിർമ്മാണം ആരംഭിക്കുകയും ചെയ്തു. 1972 ജൂലൈ 29-ന് തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം കുരിശുപള്ളിയുടെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു.

തുടർന്ന് റവ. ഫാ. സിറിയക് മണ്ടുപാലയുടെ അത്യുത്സാഹത്തിൽ കമ്മിറ്റിയുടെ പ്രവർത്തനം ഊർജ്ജസ്വലമാവുകയും പള്ളിസ്ഥലത്തിനോട് ചേർന്ന് 75 സെന്റ് സ്ഥലംകൂടി വാങ്ങുകയും ചെയ്തു. 1973 ജനുവരി മാസത്തിൽ സിമിത്തേരി ഉണ്ടാക്കാൻ തീരുമാനിക്കുകയും രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെ നിർമ്മിക്കുകയും ചെയ്തു.

## ഇടവക

1975 ജനുവരി 1-ന് മുരിക്കിങ്ങൽ കുരിശുപള്ളിയെ ഇടവകയാക്കി ഉയർത്തിക്കൊണ്ട് രൂപതാദ്ധ്യക്ഷൻ കല്പനയായത് ഇടവകയുടെ വളർച്ചയിലെ നാഴികക്കല്ലുകളിലൊന്നാണ്. 10.9.1978-ൽ ഇരിങ്ങാലക്കുട രൂപത നിലവിൽ വരികയും 1979-ൽ ചാലക്കുടി ഫൊറോന വിഭജിച്ച് കുറ്റിക്കാട് ഫൊറോന രൂപീകൃതമാവുകയും ചെയ്തതിനാൽ മുരിക്കിങ്ങൽ ഇടവക കുറ്റിക്കാടിന്റെ കീഴിലായി. 1979-ൽ പള്ളിയുടെ മുഖവാരത്തിന്റെ പണി പൂർത്തീകരിക്കുകയും ആശീർവാദകർമ്മം നടത്തുകയും ചെയ്തു.

1981-ൽ സൗകര്യാർത്ഥം മുരിക്കിങ്ങൽ ഇടവകയുടെ നടത്തിപ്പ് ലൂർദ്ദുപുരം (ഇഞ്ചക്കുണ്ട്) പള്ളിവികാരി ഫാ. ആന്റണി പുല്ലോക്കാരനിൽ നിക്ഷിപ്തമായി. ദേവാലയത്തിന്റെ മുൻഭാഗത്ത് കാണുന്ന വി. യൗസേപ്പ് പിതാവിന്റെ മനോഹരമായ കപ്പേള അദ്ദേഹം പണികഴിപ്പിക്കുകയും മരണഫണ്ട് പദ്ധതി ആരംഭിക്കുകയും ചെയ്തു.

## പാരിഷ്ഹാൾ, കപ്പേളകൾ


സെന്റ് ആന്റണീസ് കപ്പേള

റവ. ഫാ. ജോൺ കവലക്കാട്ട് (Sr.) നാടിന്റെ വികസനത്തിനായി കോടാലി-മുപ്ലിയം റോഡിനുവേണ്ടി ഏറെ പ്രയത്നിക്കുകയും പാരിഷ്ഹാൾ നിർമ്മാണം രൂപതയിലെ വിദേശഫണ്ടിൽ നിന്നുള്ള ധനസഹായത്തോടെ തുടങ്ങുകയും ചെയ്തു. തുടർന്ന് റവ. ഫാ. പോൾ മംഗലന്റെ നേതൃത്വത്തിൽ പൂർത്തിയാക്കി.

ബഹു. പോൾ ചെറുവത്തൂരച്ചൻ പള്ളിയുടെ കിഴക്കും, പടിഞ്ഞാറും ഭാഗങ്ങളിൽ 2 കപ്പേളകൾക്ക് വേണ്ട സ്ഥലങ്ങൾ ലഭ്യമാക്കുകയും പടിഞ്ഞാറുഭാഗത്ത് മുരിക്കിങ്ങൽ ജംഗ്ഷനിൽ വിശുദ്ധ അന്തോണീസിന്റെ കപ്പേള പണിയുകയും ചെയ്തു.

## ജൂബിലി, ദേവാലയനിർമ്മാണം

ബഹു. ബിനോയ് പൊഴോലിപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ രജത ജൂബിലി ആഘോഷിച്ചു; ഇടവകദേവാലയം നവീകരിക്കുകയും ചെയ്തു. റവ. ഫാ. ജോൺ പോൾ ഈയ്യനം അച്ചനുശേഷം ഇഞ്ചക്കുണ്ടിൽ നിന്ന് മുരിക്കിങ്ങൽ ഇടവകയുടെ ഭരണസാരഥ്യം വീണ്ടും മൂന്നുമുറിയിൽ നിക്ഷിപ്തമായി.

## വൈദികമന്ദിരം, സ്ഥിരം വികാരി

റവ. ഫാ. ആന്റണി തെക്കിനേത്ത് പുതിയ വൈദികമന്ദിരത്തിനായി തറക്കല്ലിടുകയും ഫണ്ട് സ്വരൂപിക്കുകയും തുടർന്ന് വന്ന വികാരിമാരായ റവ. ഫാ. ജോർജ്ജ് കാളൻ, റവ. ഫാ. ജോസ് വെതമറ്റിൽ എന്നിവരുടെ സമർത്ഥമായ നേതൃത്വത്തിൽ വൈദികമന്ദിരത്തിന്റെ പണി പൂർത്തീകരിക്കുകയും ചെയ്തു. 2008 ജനുവരി 31-ന് റവ. ഫാ. പോൾ പയ്യപ്പിള്ളി മുരിക്കിങ്ങൽ ഇടവകയുടെ സ്ഥിരവാസമുള്ള ആദ്യ വികാരിയായി സേവനം ചെയ്തു.


വൈദിക മന്ദിരം


സെന്റ് ജോസഫ്സ് കപ്പേള


സെന്റ് സെബാസ്റ്റ്യൻസ് കപ്പേള